**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.21.** **08.02.2016 ൽ മറുപടിയ്ക്ക്.**

## അജ്ഞാതവാഹനങ്ങൾ തട്ടി അപകടത്തിൽപ്പെടുന്നവർ

| ചോദ്യം<br>ശ്രീ. സി.മമ്മൂട്ടി<br>,, എൻ.എ.നെല്ലിക്കുന്ന്<br>,, വി.എം.ഉമ്മർ മാസ്റ്റർ<br>,, ടി.എ. അഹമ്മദ് കബീർ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | അജ്ഞാതവാഹനങ്ങൾ തട്ടി അപകടത്തിൽപ്പെടുന്നവരുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിച്ച് വരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. അത്തരത്തിലുള്ള വാഹനാപകടങ്ങളുടെ എണ്ണം കുറഞ്ഞുവരുന്നതായാണ് കഴിഞ്ഞ 3 വർഷത്തെ കണക്കുകൾ പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കുന്നത്. കണക്ക് താഴെ പറയും പ്രകാരമാണ്.<br>വർഷം<br>2013 - 242<br>2014 - 240<br>2015 - 203 |
| (ബി) | ഇത്തരം സംഭവങ്ങളിൽ അപകടത്തിൽ പ്പെട്ടവർക്കോ കുടുംബത്തിനോ നഷ്ടപരിഹാരം ലഭ്യമാക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ; | (ബി) | 1988 ലെ മോട്ടോർ വാഹന നിയമത്തിലെ 163(1) വകുപ്പ് അനുസരിച്ച് S.O.440(E) തീയതി 12.06.1989 പ്രകാരം കേന്ദ്ര ഗവൺമെന്റ് സൊലേഷ്യം സ്കീം 1989 പ്രാബല്യത്തിൽ കൊണ്ടുവന്നിട്ടുണ്ട്. ടി സ്കീമിലെ ഖണ്ഡിക 11 പ്രകാരം ജില്ലാ |

| | | | |
|---|---|---|---|
| | | | തല കമ്മിറ്റി രൂപീകരിയ്ക്കണമെന്നും ജില്ലാ . കളക്ടർ സെറ്റിൽമെന്റ് കമ്മീഷണർ, ആയിരിയ്ക്കുമെന്നും പുറമേ 4 അംഗങ്ങൾ കൂടി അടങ്ങിയതായിരിയ്ക്കും ജില്ലാ തല കമ്മിറ്റി എന്നും ജനറൽ ഇൻഷ്വറൻസ് കമ്പനിയുടെ ഡിവിഷണൽ മാനേജർ ഒരു അംഗം ആയിരിയ്ക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ക്ലെയിംസ് എൻക്വയറി ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ തല കമ്മിറ്റിയുടെ യോഗത്തിൽ അജ്ഞാത വാഹനം തട്ടിയുള്ള കേസുകളിൽ ഭൂരിപക്ഷാഭിപ്രായ പ്രകാരം തീരുമാനമെടുക്കുകയും ഫാറം നമ്പർ IV ൽ ക്ലെയിം സെറ്റിൽമെന്റ് കമ്മീഷണർ, മരണപ്പെടുന്ന കേസുകളിൽ പരമാവധി 25000/- രൂപയും (ഇരുപത്തി അയ്യായിരം രൂപ മാത്രം) പരിക്കു പറ്റുന്ന കേസുകളിൽ പരമാവധി 12500/- രൂപയും (പന്തീരായിരത്തി അഞ്ഞൂറ് രൂപ മാത്രം) നഷ്ടപരിഹാരം അനുവദിയ്ക്കുകയും മരണം സംഭവിയ്ക്കുന്ന കേസുകളിൽ മരിച്ചവരുടെ നിയമപരമായ അവകാശികൾക്കും, അല്ലാത്ത കേസുകളിൽ പരിക്ക് പറ്റുന്നവർക്കും നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിന് ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ഇൻഷ്വറൻസ് കമ്പനിയ്ക്ക് അയച്ച |

| | | | |
|---|---|---|---|
| | | | കൊടുക്കുകയും ചെയ്യുന്നു. ഇൻഷ്വറൻസ് കമ്പനി . ഉത്തരവ് ലഭിച്ച് ദിവസത്തിനുള്ളിൽ അനുവദിച്ചിട്ടുള്ള സംഖ്യ ചെക്കായോ ഡിമാന്റ് ഡ്രാഫ്റ്റ് ആയോ ബന്ധപ്പെട്ട കക്ഷികൾക്ക് അയച്ചുകൊടുക്കുന്നു. |
| (സി) | നിയമാനുസൃത നഷ്ടപരിഹാരം ലഭ്യമാക്കാൻ നിശ്ചിത സമയപരിധി ഇല്ലാത്ത സാഹചര്യത്തിൽ, അപകടത്തിൽപ്പെടുന്നവരുടെ അടിയന്തര ചികിത്സ, പുന:രധിവാസം തുടങ്ങിയവയ്ക്ക് പ്രത്യേക ഫണ്ട് സ്വരൂപിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | അത്തരം നിർദ്ദേശങ്ങൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ.